# നിലച്ചുപോയ സ്നേഹഗീതം

**വിശ്വപ്രശസ്ത** കവയിത്രിയും കഥാകാരിയുമായ കമലാ സുറയ്യ 75-ാം വയസ്സിൽ, ഇക്കഴിഞ്ഞ മെയ് 31ന് പൂനയിൽ നിര്യാതയായി. കേരളീയ ഭാവുകത്വത്തെ വിശ്വസാഹിത്യ വിതാനത്തിലേക്കുയർത്തിയ ലോകൈക സാഹിത്യ പുരസ്കാരമായ നോബൽ പ്രൈസിന്റെ തീരത്തോളമെത്തിയ കേരളത്തിന്റെ സ്നേഹ കോകിലമാണ് ജൂൺ 2ന് തിരുവനന്തപുരം പാളയം പള്ളി അങ്കണത്തിലെ ആറടി മണ്ണിൽ മറഞ്ഞുപോയത്. പാശ്ചാത്യവും പൗരസ്ത്യവുമായ അനേകം സർവകലാശാലകളിൽ ഗൗരവപൂർവം പഠിക്കപ്പെട്ടുകൊണ്ടിരിക്കുന്നതാണ് സുറയ്യാ കൃതികൾ. പ്രസ്താവ്യമായ ഔപചാരിക വിദ്യാഭ്യാസം ചെയ്തിട്ടില്ലെങ്കിലും ജീവിതമാകുന്ന സർവകലാശാലയിൽനിന്ന് അവരുടെ അനന്യമായ സർഗാത്മകത നേടിയ കാവ്യജ്ഞാനത്തിന് ചെവികൊടുക്കാൻ ജിജ്ഞാസ പൂണ്ട് നിരവധി സർവകലാശാലകൾ അവരെ പ്രഭാഷണങ്ങൾക്ക് ക്ഷണിക്കാറുണ്ടായിരുന്നു.

ഉൺമയുടെ പൊരുൾ തേടിയുള്ള സഞ്ചാരമാണ് യശശ്ശരീരയായ കമലാ സുറയ്യയുടെ സാഹിത്യ സപര്യ. സത്യവും സൗന്ദര്യവും സ്നേഹവും സാക്ഷാത്കരിക്കാനുള്ള പ്രയാണത്തിൽ കണ്ടെത്തിയ ആത്മീയതയുടെയും ഭൗതികതയുടെയും സങ്കരമായ, ത്യാഗഭോഗങ്ങളുടെ സംയുക്തമായ ജീവിതത്തെ അക്ഷരങ്ങളിൽ പുനഃസൃഷ്ടിക്കുമ്പോൾ അവർ പലപ്പോഴും സ്വപ്നത്തിനും യാഥാർഥ്യത്തിനുമിടക്കുള്ള അതിർവരമ്പുകൾ മായ്ച്ചുകളഞ്ഞു. അത്തരം അവതരണങ്ങൾ വിവാദങ്ങൾക്കിടയാക്കിയത് സ്വാഭാവികമാണ്. എന്നാൽ ആമിയായിരുന്നപ്പോഴും മാധവിക്കുട്ടിയായിരുന്നപ്പോഴും കമലാ ദാസ് ആയിരുന്നപ്പോഴും കമലാ സുറയ്യയായിരുന്നപ്പോഴും അവർ ഏതെങ്കിലും പ്രസ്ഥാനത്തിന്റെയോ ഇസത്തിന്റെയോ വക്താവായിരുന്നില്ല. സ്ത്രീജീവിതത്തിന്റെ പൊള്ളുന്ന തലങ്ങൾ ഉജ്ജ്വലമായി കൈകാര്യം ചെയ്തിട്ടുള്ള, സ്ത്രീയുടെ അന്തസ്സ് ഉച്ചൈസ്തരം ഉദ്ഘോഷിച്ചിട്ടുള്ള സുറയ്യ ഒരു സാമ്പ്രദായിക ഫെമിനിസ്റ്റോ പെണ്ണെഴുത്തുകാരിയോ പോലും ആയിരുന്നില്ല. സത്യവും സ്നേഹവും സൗന്ദര്യവുമായിരുന്നു അവരുടെ വിശ്വാസവും പ്രമാണവുമെല്ലാം.

ജാടകളും നാട്യങ്ങളും ഏശാത്ത എഴുത്തുകാരിയായിരുന്നു കമലാ സുറയ്യ. തനിക്ക് ശരിയെന്ന് ബോധിച്ചത് പറയാനും പ്രവർത്തിക്കാനും ഒട്ടും മടിക്കാത്ത നിഷ്കളങ്കതയുടെ നിറകുടം. ഒരിക്കൽ ഇന്ത്യൻ പാർലമെന്റിൽ തന്റെ സാന്നിധ്യം ആവശ്യമെന്നു തോന്നി. പാർട്ടികളുടെ പിന്തുണയോ ജയസാധ്യതയോ ഒന്നും നോക്കാതെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിക്കുകയും ചെയ്തു. തന്റെ സത്യാന്വേഷണം ഏകദൈവത്വത്തിലെത്തിയപ്പോൾ അതുതന്നെയാണ് താനന്വേഷിച്ചുകൊണ്ടിരിക്കുന്ന സത്യമെന്ന് അവർ തിരിച്ചറിഞ്ഞു. പിന്നെ ഇസ്ലാം സ്വീകരിച്ചതായി പ്രഖ്യാപിക്കാൻ താമസമുണ്ടായില്ല. വിഖ്യാതയായ ഒരെഴുത്തുകാരി, ഉജ്ജ്വലമായ സാഹിത്യ-കലാ പാരമ്പര്യമുള്ള ആഢ്യ നായർ തറവാട്ടിലെ പ്രൗഢ വനിത ഒരു പ്രഭാതത്തിൽ മതപരിവർത്തനം ചെയ്തുവെന്ന വാർത്ത കേരളത്തെ ആദ്യം അമ്പരപ്പിക്കുകതന്നെ ചെയ്തു. നാനാ വശത്തുനിന്നും ആക്ഷേപശകാരശരങ്ങൾ അവർക്കു നേരെ പാഞ്ഞടുത്തു. ജീവനു പോലും ഭീഷണിയുയർന്നു (ഖേദകരമെന്നു പറയട്ടെ, ഒളിഞ്ഞും തെളിഞ്ഞുമുള്ള വിമർശനങ്ങൾ അവരുടെ മരണാനന്തരവും തുടരുകയാണ്). സുറയ്യ ആക്ഷേപശകാരങ്ങൾ കേട്ട് ഒട്ടും ചൂളിയില്ല.

കഴിഞ്ഞ ഏതാനും ദശകങ്ങളായി ലോകമെങ്ങും ഇസ്ലാമും മുസ്ലിംകളും ആപത്കരമാംവണ്ണം തെറ്റിദ്ധരിപ്പിക്കപ്പെട്ടുകൊണ്ടും അവമതിക്കപ്പെട്ടുകൊണ്ടുമിരിക്കുകയാണ്. മുസ്ലിം സമുദായത്തിന്റെ ആത്മവീര്യം തകർക്കുകയും അപകർഷ ബോധം വളർത്തുകയും ഇതര വിഭാഗങ്ങളെ അവരുടെ ശത്രുക്കളാക്കുകയുമാണ് അതിന്റെ ലക്ഷ്യം. ഈ പരിതോവസ്ഥയിൽ കമലാ സുറയ്യയെപ്പോലൊരാൾ ഇസ്ലാമിലേക്ക് കടന്നുവരുന്നത് ഇസ്ലാംവിരുദ്ധ പ്രചാരവേലക്കാർക്ക് വിധി നൽകുന്ന കനത്ത തിരിച്ചടിയാണ്. തന്റെ മതപരിവർത്തനത്തിന് ഇങ്ങനെയൊരു മാനമുണ്ടെന്ന് കമലാ സുറയ്യ അവകാശപ്പെട്ടിട്ടില്ലെങ്കിലും മുസ്ലിം സമുദായം നന്ദിപൂർവം മനസ്സിലാക്കുന്നുണ്ട്.

ഈ മാനം ഉൾക്കൊണ്ടതാണ് ശകാരക്കാരെയും ഭീഷണിക്കാരെയും ഏറെ പ്രകോപിതരാക്കിയത്. അവരുടെ ശല്യം അസഹ്യമായപ്പോൾ സുറയ്യ കേരളം വിടുകയായിരുന്നു. എതിർപ്പുകളും വിമർശനങ്ങളും അപവാദങ്ങൾ മാത്രമായിരുന്നു. കേരളത്തിന്റെ പൊതുമനസ്സിൽ എന്നും അവർക്കുള്ളത് സ്നേഹാദരവുകളുടെ സിംഹാസനമാണ്. വികൃതികളായ മക്കളോടുള്ള മാതാവിന്റെ പിണക്കമായിരുന്നു കേരളത്തോടുള്ള അവരുടെ പിണക്കം. അതുകൊണ്ടാണ് വീണ്ടും കേരളത്തിലേക്ക് തിരിച്ചുവരാനും മലയാള മണ്ണിൽ ലയിക്കാനും അവരാഗ്രഹിച്ചത്. തിരിച്ചുവരവിലൂടെ സുറയ്യ കേരളത്തോടുള്ള തന്റെ കൂറും പ്രതിബദ്ധതയും യാഥാർഥ്യമാക്കി. അവരുടെ അവിസ്മരണീയമായ ജനാസ സംസ്കാരത്തിലൂടെ കേരള ജനത അവരോടുള്ള തങ്ങളുടെ സ്നേഹബഹുമാനങ്ങളും അർഥവത്താക്കിയിരിക്കുന്നു. കേരളത്തിന്റെ ചരിത്രത്തിൽ, ഒരുപക്ഷേ ഇന്ത്യയുടെ ചരിത്രത്തിൽതന്നെ ഇന്നോളം ഏതൊരു സാഹിത്യ വ്യക്തിത്വത്തിനും ലഭിച്ചിട്ടുള്ളതിൽ ഏറ്റവും ജനബഹുല ഗംഭീരവും ദുഃഖസാന്ദ്രവുമായിരുന്നു സുറയ്യക്ക് ലഭിച്ച അന്ത്യോപചാരം.

സ്നേഹത്തിന്റെ ആൾരൂപം എന്ന് കമലാ സുറയ്യ വിശേഷിപ്പിക്കപ്പെട്ടത് അതിശയോക്തിയല്ല. സമീപിക്കുന്നവർക്കെല്ലാം അവർ വാക്കായും വിത്തമായും സ്നേഹം വാരിക്കോരി കൊടുത്തു. മുഹമ്മദ് നബി(സ)യുടെ ദാനശീലത്തെ ശിഷ്യന്മാർ 'കാറ്റുപോലെ' എന്നുപമിക്കാറുണ്ടായിരുന്നു. അത് മിത്രങ്ങളെയും ശത്രുക്കളെയും ചോദിക്കുന്നവരെയും ചോദിക്കാത്തവരെയും ഒരുപോലെ തഴുകിക്കൊണ്ടിരിക്കും. ഈ ഉപമയെ അനുസ്മരിപ്പിക്കുന്നതായിരുന്നു സുറയ്യയുടെ ദാനശീലം.

അഭിവന്ദ്യ സുറയ്യയുടെ നിര്യാണത്തിലൂടെ *പ്രബോധന*ത്തിന് നഷ്ടമായിരിക്കുന്നത് ഒരു വിലപ്പെട്ട ഗുണകാംക്ഷിയെയാണ്. വലിയ മതിപ്പോടെയാണ് അവർ *പ്രബോധന*ത്തെ വിലയിരുത്തിയിരുന്നത്. പലപ്പോഴും സ്വന്തം കവിതകൾ അയച്ചുതന്ന് *പ്രബോധന*ത്തെ ധന്യമാക്കുകയും ചെയ്തു. വാരിക സൗജന്യമായി എത്തിച്ചുകൊടുക്കാമെന്നറിയിച്ചപ്പോൾ അവർ പറഞ്ഞ വാക്കുകൾ ഞങ്ങൾക്ക് എന്നും പ്രചോദനദായകമാണ്: "*പ്രബോധനം* സൗജന്യമായി വായിക്കേണ്ട പ്രസിദ്ധീകരണമല്ല. ഞാനത് വിലകൊടുത്തുവാങ്ങിത്തന്നെ വായിക്കും."

കമലാ സുറയ്യയുടെ നിര്യാണം അവരുടെ മക്കളിലും മറ്റു ബന്ധുക്കളിലും ഉണ്ടാക്കിയ ദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു. ഒപ്പം, മറു ലോകത്ത് അവർക്ക് സമാധാനവും സൗഖ്യവുമരുളേണമേ എന്ന് പരമകാരുണികനായ അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്യുന്നു. ■